ബസ്സ് ക്രൂ മാരേജ് പദ്ധതി

109 (1933)ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.യുടെ നവീകരണത്തിനായി ബസ്സ് ക്രൂ മാരേജ് എന്ന ഒരു പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിമൂലം എന്താണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും ഇതിന്റെ പുരോഗതി എന്താണെന്നും വിശദമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. ഏതൊക്കെ ജില്ലാ ബാങ്കുകളിൽനിന്ന് എന്തു തുക വായ്പയെടുത്തുവെന്നും പലിശയിനത്തൽ പ്രതിമാസം എന്തു തുക അടയ്ക്കേണ്ടിവരുമെന്നും അറിയിക്കുമോ;

(ഡി) 'ഹഡ്കോ'യുടെ ധനസഹായത്തോടെ ബസ്സുകൾ വാങ്ങുന്ന പദ്ധതിയിൽ എന്തു തുക ലഭിച്ചുവെന്നും, പലിശയിനത്തിൽ തുക നൽകേണ്ടിവരുമെങ്കിൽ അത് എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) നടപ്പുവർഷം പുതിയതായി എത്ര ബസ്സുകൾ വാങ്ങി എന്നും ഈ ഇനത്തിൽ എന്തു തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബസ്സ് സർവ്വീസുകൾ കൃത്യനിഷ്ട പാലിക്കുന്നതിനും, അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായാണ് ബസ്സ് ക്രൂ മാരേജ് എന്ന പദ്ധതി നടപ്പിൽവരുത്തിയത്. ഇതിനായി ഒരു ബസ്സിന് രണ്ടു കണ്ടക്ടറേയും രണ്ടു ഡ്രൈവറേയും സ്ഥിരമായി അനുവദിക്കുന്നു. കൂടാതെ മെക്കാനിക്കൽ വിഭാഗം ജീവനക്കാരെകൂടി സ്ഥിരമായി നൽകുന്നതിന് നടപടിയായിട്ടുണ്ട്. ഒരു റൂട്ടിൽ പതിവായി ഒരേ 'ക്രൂ' തന്നെ സർവ്വീസ് നടത്തുന്നതുമൂലം സർവ്വീസുകളുടെ കൃത്യനിഷ്ട പാലിക്കുന്നതിനും, യാത്രക്കാരോട് കൂടുതൽ സൗമനസ്യത്തോടെ പെരുമാറുന്നതിനും ജീവനക്കാർക്കു കഴിയുന്നുണ്ട്. വരുമാനത്തിലും വർദ്ധനവ് ഉണ്ടാകുന്നുണ്ട്.

(സി) പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽനിന്നും 2 കോടി 87 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുകയ്ക്ക് 13% പലിശയാണ് നൽകേണ്ടത്. വായ്പ്പാത്തുക ഉപയോഗിച്ച് വാങ്ങുന്ന ബസ്സുകളുടെ വരുമാനത്തിൽനിന്നും പ്രതിദിനം ബസ്സൊന്നിന് 1233 രൂപ ബാങ്കിൽ അടയ്ക്കേണ്ടതുണ്ട്. മറ്റു ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും പണം കടമെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ.

(ഡി) സർക്കാരിന്റെ ഗ്യാരന്റിക്കു വിധേയമായി 100 കോടി രൂപ ഹഡ്കോയിൽനിന്നും അനുവദിച്ചു. 13.75% ആണ് പലിശ നിരക്ക്. (ഡിമിനിഷിംഗ് രീതി) കൃത്യമായ തിരിച്ചടവിന് പലിശയിൽ 0.5% ഇളവനുവദിക്കും. ഫലത്തിൽ 13¼% ആയിരിക്കും പലിശ ഈടാക്കുക.

(ഇ) നടപ്പു സാമ്പത്തികവർഷം നാളിതുവരെ 236 ബസ്സ് ചെയിസുകൾ വാങ്ങിയിട്ടുണ്ട്. ഇതിനായി 12,85,61,747/- രൂപ ചെലവായിട്ടുണ്ട്.
1137/2010.

LIBRARY ARCHIVES Kerala Legislative Assembly